LIBRARY ARCHIVES Kerala Legislative Assembly

## സഹകരണ സംഘങ്ങളിലെ നിക്ഷേപം

150 (517) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ കേരളത്തിലെ സഹകരണ സംഘങ്ങളിലെ ആകെ നിക്ഷേപം എത്രയായിരുന്നു ; ആയതിൽ ക്രെഡിറ്റ്, നോൺ ക്രെഡിറ്റ് സംഘങ്ങളുടെ നിക്ഷേപം എത്രയാണെന്ന് തരം തിരിച്ച് വിശദമാക്കുമോ ; ആയതിൽ പ്രൈമറി അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസിന്റെ (PACS) നിക്ഷേപം പ്രത്യേകമായി വിശദമാക്കുമോ ;

(ബി) മേൽ വിഭാഗങ്ങളിലെ നിക്ഷേപങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ കേരളത്തിലെ സഹകരണ മേഖലയിലെ ആകെ നിക്ഷേപ ബാക്കി നിൽപ്പ് 68,409.15 കോടി രൂപയായിരുന്നു. ആയതിൽ ക്രെഡിറ്റ് വിഭാഗത്തിൽപ്പെട്ട സംഘങ്ങളിലെ/ ബാങ്കുകളിലെ നിക്ഷേപം 66,990.25 കോടി രൂപയും, നോൺ ക്രെഡിറ്റ് സംഘങ്ങളുടെ നിക്ഷേപം 1,418.90 കോടി രൂപയും ആയിരുന്നു. ആകെ ബാക്കി നിൽപ്പ് നിക്ഷേപത്തിൽ 36,765.44 കോടി രൂപ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ നിക്ഷേപമാണ്.

(ബി) 30-9-2015-ലെ സ്ഥിതി പ്രകാരം സംസ്ഥാനത്തെ സഹകരണ മേഖലയിലെ ആകെ നിക്ഷേപം 1,41,377.24 കോടി രൂപയാണ്. ഇതിൽ ക്രെഡിറ്റ് വിഭാഗത്തിലെ സംഘങ്ങളിൽ/ബാങ്കുകളിൽ 1,34,705.94 കോടി രൂപയും നോൺ ക്രെഡിറ്റ് സംഘങ്ങളിൽ 6,671.30 കോടി രൂപയും നിക്ഷേപമുണ്ട്. അതേ തീയതിയിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ 68,209.45 കോടി രൂപ നിക്ഷേപ ബാക്കി നിൽപ്പുണ്ട്.

## സഹകരണ സംഘങ്ങളിലെ നിയമനങ്ങളിൽ സാമുദായിക സംവരണം

151 (T518) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ പരീക്ഷാ ബോർഡ് നടത്തുന്ന നിയമനങ്ങളിൽ പി.എസ്.സി.-യുടെ മാനദണ്ഡമനുസരിച്ച് സാമുദായിക സംവരണം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.